**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1063** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജലനിധി പദ്ധതിയിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലനിധി പദ്ധതിയിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നുവെന്ന വിജിലൻസ് കണ്ടെത്തലിനെ തുടർന്ന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി (KRWSA) യുടെ കീഴിൽ നടത്തി വരുന്ന ജലനിധി ശുദ്ധജല പദ്ധതിയിൽ വ്യാപക ക്രമക്കേടുകൾ നടക്കുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജലനിധി പദ്ധതികൾ നടപ്പിലാക്കി വരുന്ന ഗ്രാമപഞ്ചായത്തുകൾ, പദ്ധതി പ്രദേശങ്ങൾ എന്നിവ കേന്ദ്രീകരിച്ച് 12.04.2023 തീയതിയിൽ സംസ്ഥാന വ്യാപകമായി "ഓപ്പറേഷൻ ഡെൽറ്റ" എന്ന പേരിൽ മിന്നൽ പരിശോധന നടത്തിയിരുന്നു.<br><br>കൂടാതെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ ജലനിധി ശുദ്ധ ജല പദ്ധതിയിൽ ക്രമക്കേടുകൾ നടന്നതായുള്ള ആരോപണം സംബന്ധിച്ച് 9 പ്രാഥമികാന്വേഷണങ്ങളും 3 വിജിലൻസ് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ജല ലഭ്യത ഉറപ്പുവരുത്താതെ പദ്ധതികൾ ആരംഭിച്ചത് ഉൾപ്പെടെ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര കോടി രൂപയുടെ നഷ്ടമുണ്ടായെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ജലനിധിയുടെ ഇടുക്കി മേഖലായൂണിറ്റിന്റെ കീഴിൽ ഭരണങ്ങാനം, മീനച്ചിൽ, കുന്നന്താനം, വെള്ളറട എന്നീ പഞ്ചായത്തുകളിലെ റിപ്പോർട്ടുകളാണ് വിജിലൻസിൽ നിന്നും ലഭിച്ചിട്ടുള്ളത്. ഇതിൽ കുന്നന്താനം പഞ്ചായത്തിൽ ക്രമക്കേടുകളൊന്നും കണ്ടെത്തിയിട്ടില്ല.<br><br>ഭരണങ്ങാനം ഗ്രാമപഞ്ചായത്തിലെ പാമ്പൂരാൻപാറ കുടിവെള്ള പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് ടി പ്രവർത്തികളുമായി ബന്ധപ്പെട്ട പ്രോജക്ട് കമ്മീഷണർ, മാനേജർ ടെക്നിക്കൽ എന്നിവരിൽ നിന്നും ടി കാര്യത്തിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും സർക്കാരിനുണ്ടായ നഷ്ടം തിരിച്ചടക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും കത്ത് നൽകിയിട്ടുണ്ട്. |

അല്ലാപ്പാറ ബെനിഫിഷ്യറി ഗ്രൂപ്പ്, ചൂണ്ടച്ചേരി ബെനിഫിഷ്യറി ഗ്രൂപ്പ്, ജലകന്യക ബെനിഫിഷ്യറി ഗ്രൂപ്പ്, പാമ്പുരാൻപാറ ബെനിഫിഷ്യറി ഗ്രൂപ്പ് എന്നിവയുടെ ഫയലുകൾ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതിനാൽ ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ജൂനിയർ പ്രോജക്റ്റ് കമ്മീഷണർ-ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന് മറുപടി ലഭിക്കുന്നതിനനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മീനച്ചിൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള 8 ജലനിധി സുസ്ഥിരതാ പദ്ധതികളിൽ പുത്തൻ ശബരിമല, കിഴപറയാർ ജീവ എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് ടി വർക്കുകളിൽ കൃത്യമായ മേൽനോട്ട ചുമതല വഹിക്കാതെ ഔദ്യോഗിക വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥനെ പ്രോജക്റ്റ് കമ്മീഷണർ സ്ഥാനത്തു നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. കെ.ആർ.ഡബ്ല്യൂ.എസ്.എ ഒരു പ്രത്യേക കമ്മിറ്റിയെ നിയോഗിച്ച് നിജസ്ഥിതി പരിശോധിച്ചു വരികയുമാണ്.

തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ അമൃതം, ബദസ്ഥ, സിന്ധു, ജലപ്രിയ എന്നീ പ്രോജക്റ്റുകളുടെ എം ബുക്കുകൾ ലഭ്യമാക്കി പരിശോധിച്ചതിൽ നിന്നും, എം.ബുക്കുകളിൽ അളവുകൾ Detailed Measurement ആയി രേഖപ്പെടുത്തിയിട്ടില്ലാത്തതുമാകുന്നു. വെള്ളറട ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയിലെ അമൃതം, ബദസ്ഥ, സിന്ധു, ജലപ്രിയ എന്നീ പ്രോജക്ടുകളുടെ എം ബുക്കുകളിൽ അളവുകൾ വിശദമായി രേഖപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ ആയതിന് പകരം Abstract ആയിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി പോരായ്മ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് വിജിലൻസിൽ നിന്നും കെ.ആർ.ഡബ്ല്യു. എസ്.എ. എക്സിക്യൂട്ടീവ് ഡയറക്ടറോട് ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പ് കാലത്തുതന്നെ ഇതിനുവേണ്ട പരിശീലനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. എന്നിരുന്നാലും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

KRWSA കണ്ണൂർ മേഖലാ കാര്യാലയത്തിന് കീഴിൽ വരുന്ന കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട്

| | | | |
|---|---|---|---|
| | | | ക്രമക്കേട് നടന്നതായും വി.സി.05/2024/ കെ.എസ്.ഡി. നമ്പർ കേസ് രജിസ്റ്റർ ചെയ്തതായും 3,96,000/- രൂപയുടെ നഷ്ടം കണക്കാക്കിയതായും വിജിലൻസ് അറിയിച്ചിട്ടുണ്ട്.<br><br>ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള വിദഗ്ധ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജലനിധിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളിൽ സ്രോതസ് നിർമ്മിച്ചിട്ടുള്ളത്. എന്നിരുന്നാലും ഇടുക്കി മേഖലാ കാര്യാലയത്തിന് കീഴിൽ ഇതുവരെ റിപ്പോർട്ട് ലഭിച്ചതനുസരിച്ച് മീനച്ചിൽ, ഭരണങ്ങാനം പഞ്ചായത്തുകളിലായി 19,685.64 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കെ.ആർ.ഡബ്ല്യു.എസ്.എ. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ